REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദേശീയ റോസ്ഗാർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ 61,000-ത്തിൽ പരം നിയമന കത്തുകൾ വീഡിയോ കോൺഫറൻസിലൂടെ വിതരണം ചെയ്യും.**
- **ജോലിയിൽ കൃത്യവിലോപം വരുത്തുകയും പെരുമാറ്റദൂഷ്യം ഉണ്ടാക്കുകയും ചെയ്യുന്ന BLO-മാർക്കെതിരെ കർശന നടപടിക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം**
- **വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണം, വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ ഇന്ന് നാടിന് സമർപ്പിക്കും.**
- **ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ, ന്യൂസിലാന്റിനെ ഏഴ് വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

ദേശീയ റോസ്ഗാർ മേളയിൽ രാവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്രവകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും 61,000-ത്തിൽ പരം നിയമന കത്തുകൾ വീഡിയോ കോൺഫറൻസിൽ വിതരണം ചെയ്യും. ഉദ്യോഗാർത്ഥികളെ അദ്ദേഹം അഭിസംബോധനയും ചെയ്യും. രാജ്യത്തെ 45 കേന്ദ്രങ്ങളിലാണ് 18-ാമത് റോസ്ഗാർ മേള സംഘടിപ്പിച്ചിരിക്കുന്നത്. ആഭ്യന്തര-ആരോഗ്യ മന്ത്രാലയങ്ങൾ, ധനസേവന വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയടക്കം സ്ഥാപനങ്ങളിലെ നിയമന ഉത്തരവുകളാണ്

പ്രധാനമന്ത്രി കൈമാറുന്നത്. തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന റോസ്ഗാർ മേളകളിൽ ഇതിനകം 11ലക്ഷത്തിൽപരം പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

✪✪✪

ഭരണമാറ്റത്തിന് തമിഴ്നാട് ഒരുങ്ങിക്കഴിഞ്ഞെന്ന് മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി പറഞ്ഞു. DMK ഗവൺമെന്റ് വികസനം കൈവരിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും അഴിമതിയും കുറ്റകൃത്യങ്ങളും, കുടുംബവാഴ്ച രാഷ്ട്രീയവുമാണ് DMKയുടെ മുഖമുദ്രയെന്നും നരേന്ദ്രമോദി തമിഴ്നാട്ടിലെ മധുരാന്തകത്ത് പൊതുയോഗത്തിൽ കുറ്റപ്പെടുത്തി.

✪✪✪

നാലാമത് ഇന്ത്യ എനർജി വീക്ക് 2026 ഈ മാസം 27 മുതൽ 30 വരെ ഗോവയിൽ നടത്തും. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിരത എന്നിവയിൽ ഇന്ത്യയുടെ പ്രതിബദ്ധതയാണ് ഇന്ത്യ എനർജി വീക്ക് പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി ന്യൂഡൽഹിയിൽ പറഞ്ഞു. നാല് ദിവസത്തെ പരിപാടിയിൽ 75,000ത്തോളം പ്രതിനിധികൾ പങ്കെടുക്കും. പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന വട്ടമേശ ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രമുഖ ആഗോള CEO-മാരുമായി സംവദിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 വിലയിരുത്തൽ യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ഛത്തീസ്ഗഡിൽ NH-30ലെ റായ്പൂർ- കോടേബോഡ് നാലുവരിപ്പാതയുടെ നിർമ്മാണത്തെ കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

....(വോയ്സ്)........

43 കിലോമീറ്റർ റായ്പൂർ- കോടേബോഡ് നാലുവരിപ്പാത മധ്യ ഛത്തീസ്ഗഡിലെ ദേശീയ പാതാ വികസനത്തിലെ പ്രധാന ചുവടുവെപ്പായിരുന്നു. 2016 സെപ്തംബറിൽ അനുമതി ലഭിച്ച പദ്ധതി നിർമ്മാണ സാമഗ്രികളുടെ അഭാവം അടക്കം നിരവധി പ്രശ്നങ്ങൾ നേരിട്ടു.

പദ്ധതിയിൽ ഏറ്റെടുക്കേണ്ടിയിരുന്ന ഭൂമി DRDO-യുടെ അധീനതയിലായിരുന്നു. രാജ്യരക്ഷാ വകുപ്പിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് ഒരുപാട് നടപടിക്രമങ്ങൾ ആവശ്യമായി വന്നു. മന്ദഗതിയിൽ മാത്രം പുരോഗമിച്ച പദ്ധതി 2023 ഫെബ്രുവരിയിലെ പ്രഗതി അവലോകനയോഗത്തിൽ ചർച്ചയ്ക്കെടുത്തു.

കേന്ദ്ര-ഗതാഗത-ഹൈവേ മന്ത്രാലയം, രാജ്യരക്ഷാ - ഊർജ്ജ മന്ത്രാലയങ്ങൾ, DRDO, NTPC, ഛത്തീസ്ഗഡ് ഗവൺമെന്റ് എന്നിവയ്ക്കിടയിലെ ഏകോപനത്തിലൂടെ 2023 ജൂൺ 20ന് പദ്ധതി പൂർത്തീകരിക്കാനായി.

✪✪✪

ജോലിയിൽ കൃത്യവിലോപം വരുത്തുകയും പെരുമാറ്റദൂഷ്യം ഉണ്ടാക്കുകയും ചെയ്യുന്ന ബൂത്ത്ലെവൽ ഓഫീസർമാർക്കെതിരെ കർശന നടപടിക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും നിർദേശം നൽകി.

കമ്മീഷൻ നിർദേശങ്ങൾ പാലിക്കാത്ത BLO-മാർക്കെതിരെ സസ്പെൻഷൻ അടക്കം നടപടികൾ സ്വീകരിക്കാനാണ് ചീഫ് ഇലക്ട്രറൽ ഓഫീസർമാർക്ക് അയച്ച കത്തിലെ ഉത്തരവ്. ക്രിമിനൽ പെരുമാറ്റ ദൂഷ്യങ്ങൾ ഉണ്ടായാൽ നിയമനടപടിയെടുക്കാനും കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും. വിഴിഞ്ഞത്തെ, ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി VN വാസവൻ ഇന്നലെ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്......

തുറമുഖത്തുനിന്ന് ഇറക്കുമതിയും കയറ്റുമതിയും സാധ്യമാക്കുന്ന, എക്സിം കാർഗോ സേവനങ്ങളുടെയും ദേശീയപാത ബൈപാസിലേയ്ക്ക് നിർമ്മിച്ച പുതിയ പോർട്ട് റോഡിന്റെയും ഉദ്ഘാടനവും ചടങ്ങിനോട് അനുബന്ധിച്ചു നടത്തും. ഏതാണ്ട് 10,000 കോടി രൂപ നിക്ഷേപത്തോടെ വികസന പദ്ധതി പൂർത്തിയാകുമ്പോൾ തുറമുഖത്തിന്റെ വാർഷിക ശേഷി ഉയരും.

ബെർത്ത് നിലവിലെ 800 മീറ്ററിൽ നിന്ന് 2000 മീറ്റർ ആയി വികസിപ്പിക്കും. ബ്രേക്ക് വാട്ടർ 3 കിലോമീറ്ററിൽ നിന്ന് 4 കിലോമീറ്റർ ആയി വർദ്ധിക്കും. ഇതിനു പുറമെ റെയിൽവേ യാർഡ്, മൾട്ടി പർപ്പസ് ബെർത്ത്, ലിക്വിഡ് ടെർമിനൽ, ടാങ്ക് ഫാം എന്നിവയും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അദ്ദേഹം തറക്കല്ലിടുകയും ചെയ്യും.

തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ ചടങ്ങിൽ കേരള റെയിൽവേ പോലീസിന്റെ പുതിയ മൊബൈൽ ആപ്ലിക്കേഷൻ -"റെയിൽ മൈത്രി" അദ്ദേഹം പുറത്തിറക്കും. തിരുവനന്തപുരം കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിന് മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്യും.

✪✪✪

വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണക്കായി ബേപ്പൂരിൽ നിർമിച്ച സ്മാരകം 'ആകാശമിഠായി' വൈകിട്ട് മന്ത്രി P.A മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. കോഴിക്കോട് കോർപ്പറേഷൻ നൽകിയ സ്ഥലത്ത് വിനോദസഞ്ചാര വകുപ്പ് 10 കോടി ഏഴ് ലക്ഷം രൂപ ചെലവിലാണ് സ്മാരകം നിർമ്മിക്കുന്നത്.

✪✪✪

സൂക്ഷ്മാണു ഗവേഷണ രംഗത്ത് വിപ്ലവകരമായ നേട്ടങ്ങൾക്ക് ലക്ഷ്യമിട്ട് കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വിഡിയോ പാർക്കിൽ സ്ഥാപിച്ച 'സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം' മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.

മണ്ണിലും, വെള്ളത്തിലും, ഭക്ഷണ സാധനങ്ങളിലും, മനുഷ്യരുടേയും മൃഗങ്ങളുടേയും ദഹനവ്യവസ്ഥയിലും കഴിയുന്ന 'ബാസിലസ് സബ്റ്റിലിസ്' എന്ന ബാക്ടീരിയയെ സംസ്ഥാന മൈക്രോബ് ആയി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

നവീനവും സാങ്കേതികവുമായ ആശയങ്ങളിലൂടെ സാമൂഹ്യമാറ്റം സാധ്യമാക്കുകയെന്ന നയമാണ് കേരളം മുന്നോട്ട് വെക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോവളത്ത് AI ഫ്യൂച്ചർകോൺ ഉച്ചകോടി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അടുത്ത മാസം ഡൽഹിയിൽ നടത്താനിരിക്കുന്ന ആഗോള AI ഉച്ചകോടിക്ക് മുന്നോടിയായിട്ടാണ് സംസ്ഥാനതല പരിപാടി സംഘടിപ്പിച്ചത്.

✪✪✪

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കണ്ണൂരിൽ കുടുംബശ്രീയുടെ ബഡ്സ് ഒളിമ്പ്യ -സംസ്ഥാന കായികോത്സവം ഇന്ന് സമാപിക്കും.

കണ്ണൂരിൽ നിന്ന് KO.ശശിധരൻ

.......വോയ്സ്.......

ഇന്നലെ 15ഇനങ്ങൾ പൂർത്തിയായപ്പോൾ 11 പോയിന്റുമായി കണ്ണൂർ മുന്നിട്ടുനിൽക്കുന്നു.. നിലവിലെ ചാമ്പ്യൻമാരായ മലപ്പുറവും വയനാടും കോട്ടയവും 10 പോയിന്റ് വീതം നേടി രണ്ടാം സ്ഥാനത്തുണ്ട്. തിരുവനന്തപുരം മൂന്നാം സ്ഥാനത്താണ്. വിവിധ ജില്ലകളിൽ നിന്നായി 380 പേരാണ് കായിക മേളയിൽ പങ്കെടുക്കുന്നത്. ഇന്ന് 30 ഇനങ്ങളിൽ മത്സരം നടക്കും. പൊള്ളുന്ന വേനൽ ചൂടിലും തളരാത്ത പോരാട്ട വീര്യവുമായാണ് ആദ്യ ദിനം താരങ്ങൾ പോലീസ് മൈതാനിയിലെ സിന്തറ്റിക്ക് ട്രാക്കിലിറങ്ങിയത് . ഇന്ന് വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും

✪✪✪

ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ, ന്യൂസിലാന്റിനെ ഏഴ് വിക്കറ്റിന് തകർത്ത് തുടർച്ചയായ രണ്ടാം വിജയം സ്വന്തമാക്കി. റായ്പൂരിലെ 209 റൺസ് വിജയലക്ഷ്യം ഇന്ത്യ 15.2 ഓവറിൽ മൂന്ന് വിക്കറ്റിന് മറികടന്നു. മാച്ചിലെ മികച്ച കളിക്കാരനായി ഇഷാൻ കിഷനെ തെരഞ്ഞെടുത്തു. പരമ്പരയിലെ മൂന്നാം മത്സരം നാളെ ഗോഹട്ടിയിലാണ്.

✪✪✪

അണ്ടർ 19 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ സിക്സിലെത്തിയ ഇന്ത്യ ഇന്ന് അവസാന ഗ്രൂപ്പ് മത്സരത്തിൽ ന്യൂസിലന്റിനെ നേരിടും. ഉച്ചക്ക് ഒന്നിന് ബുലാവോയിലാണ് മത്സരം. നേരത്തെ രണ്ട് മത്സരങ്ങളും മഴ നിയമപ്രകാരം ഇന്ത്യ ജയിച്ചിരുന്നു.

✪✪✪

തിരുവനന്തപുത്ത് രഞ്ജി ട്രോഫി ക്രിക്കറ്റിൽ, ചണ്ഡിഗഢ്, കേരളത്തിനെതിരെ 277 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡ് നേടി. രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച കേരളം ഇന്നലെ കളി നിർത്തുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 21 റൺസ് എടുത്തിട്ടുണ്ട്. കേരളത്തിന്റെ ഒന്നാം ഇന്നിംഗ്സ് 139 റൺസിന് അവസാനിച്ചിരുന്നു. ചണ്ഡീഗഢ് 416 റൺസെടുത്തു.

✪✪✪

പ്രത്യേക തീവ്ര വോട്ടർപട്ടിക പുതുക്കൽ നടപടി നിരീക്ഷിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ കേരളത്തിലേക്ക് നിയമിച്ച SIR സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിംഗ് ഇന്നലെ തൃശൂർ ജില്ല സന്ദർശിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടേയും അവലോകന യോഗത്തിൽ അവർ പങ്കെടുത്തു. അംഗീകൃത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും ഒബ്സർവർ സംവദിച്ചു.

✪✪✪

തെരഞ്ഞെടുപ്പ് അവബോധവും വോട്ടർമാരുടെ പങ്കാളിത്തവും വർദ്ധിപ്പിക്കാൻ നടപ്പാക്കിയ മാതൃകാ പദ്ധതികൾക്ക് മികച്ച ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായി കോഴിക്കോട്  ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിനെ തെരഞ്ഞെടുത്തു. തീവ്ര വോട്ടർപട്ടികാ പരിഷ്കരണം, സ്വീപ് പ്രവർത്തനങ്ങൾ, എന്നിവ പരിഗണിച്ചാണ് അംഗീകാരം. മികച്ച ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ് കോ ഓർഡിനേറ്ററായി ഡോ. നിജീഷ് ആനന്ദിനേയും മികച്ച BLO ആയി കുന്നമംഗലത്തെ K രാജേഷിനെയും തെരഞ്ഞെടുത്തു.

✪✪✪

യുവജനങ്ങളിലെ ജീവിതശൈലീമാറ്റങ്ങളും മാനസികാ രോഗ്യവും പഠന വിധേയമാക്കി ഗവൺമെന്റിന് റിപ്പോർട്ട് നൽകുമെന്ന് സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ M ഷാജർ അറിയിച്ചു. കാസർകോട്ട് ജില്ലാതല അദാലത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

വയോജനക്ഷേമത്തിന് പുതിയ പദ്ധതികൾ ആവിഷ്കരി ക്കുമെന്ന് സംസ്ഥാന വയോജന കമ്മീഷൻ ചെയർപേഴ്സൺ K.സോമപ്രസാദ് പറഞ്ഞു. ഭാവിപ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുന്നതിന് കൊല്ലം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ തല യോഗത്തിൽ  പങ്കെടുക്കുകയായിരുന്നു ചെയർപേഴ്സൺ.

✪✪✪

പാലക്കാട് MLA രാഹുൽ മാങ്കൂട്ടത്തിൽ പ്രതിയായ മൂന്നാം ബലാത്സംഗക്കേസിലെ ജാമ്യാപേക്ഷയിൽ പത്തനംതിട്ട ജില്ലാ സെഷൻസ് കോടതി ഇന്ന് വിധി പറഞ്ഞേക്കും. കേസിൽ വാദം പൂർത്തിയായതിനെത്തുടർന്ന് കോടതി വിധി ഇന്നേക്ക് മാറ്റുകയായിരുന്നു.

✪✪✪

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കാസർകോട് ജില്ലാ സമ്മേളനം നാളെയും മറ്റന്നാളും കാഞ്ഞങ്ങാട് മടിക്കൈ കാമിച്ചാംപൊതിയിൽ നടത്തും. നാളെ രാവിലെ  കേന്ദ്ര സർവകലാശാല സ്കൂൾ ഓഫ് മെഡിസിൻ വിഭാഗം ഡീൻ പ്രൊഫ. മാത്യു ജോർജ്ജ് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ,*
*NRTs: രജിന കെ*
*DEO:  സി കെ സുബോധ്*